## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3291 — 18/2/2013 ൽ മറുപടിയ്ക്ക്

### മലയാള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

**ചോദ്യം**

ശ്രീ. കെ. അച്ചുതൻ
ശ്രീ. ഐ.സി ബാലകൃഷ്ണൻ
ശ്രീ. വി.പി. സജീന്ദ്രൻ
ശ്രീ. പി.സി. വിഷ്ണുനാഥ്

**മറുപടി**

ശ്രീ. കെ.സി. ജോസഫ്
(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | മലയാള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനും അവസരം ഒരുക്കുക എന്നതാണ് മലയാളം മിഷന്റെ പ്രധാന ഉദ്ദേശ്യം. കുട്ടികളിൽ ഭാഷാ സ്നേഹം , ദേശസ്നേഹം ഇവ വളർത്തി മലയാളഭാഷയുടെ വികാസത്തിനും വളർച്ചയ്ക്കും പ്രവാസി മലയാളികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നതും മലയാളം മിഷന്റെ ഉദ്ദേശ്യലക്ഷ്യമാണ്. |
| (ബി) | ഇതിന്റെ കീഴിൽ പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉണ്ട് . ഡൽഹി, മുംബെയ്, ചെന്നൈ എന്നീ പ്രധാന നഗരങ്ങളിലും ബാംഗ്ലൂർ, അഹമ്മദാബാദ്, ഭിലായ് എന്നീ സ്ഥലങ്ങളിലും പഠനകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സിംഗപ്പൂർ, ടോക്കിയോ, വാഷിംഗ്ടൺ എന്നിവിടങ്ങളിലെ പഠനകേന്ദ്രങ്ങൾക്കായി പാഠപുസ്തകങ്ങൾ അയച്ചുകൊടുത്തിട്ടുണ്ട്. |
| (സി) | ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (സി) | മലയാളം മിഷൻ തയ്യാറാക്കിയിട്ടുള്ള പാഠപുസ്തകങ്ങൾ ഉപയോഗിച്ച് പഠനം നടത്തുക എന്നതാണ് പഠനകേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനം. കൂടാതെ മലയാള ഭാഷയുമായും , കേരള സംസ്കാരവുമായും പരിചയപ്പെടുവാൻ അവസരം ഒരുക്കുക എന്നതും പഠനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളാണ്. |
| (ഡി) | മികച്ച പഠനകേന്ദ്രങ്ങൾക്ക് പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ഡി) | പരിഗണിക്കാവുന്നതാണ്. |

Sheela H

സെക്ഷൻ ഓഫീസർ